(ബി) 29-3-2005-ലെ സ.ഉ. (സാ) നമ്പർ 777/2005/തൊഴിൽ ഉത്തരവുപ്രകാരം ടെക്നോപാർക്ക് ഉൾപ്പെടുന്ന കഴക്കൂട്ടത്ത് ഒരു പുതിയ ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അതിനായി ഒരു കെട്ടിടം കണ്ടെത്താനുള്ള തീവ്രശ്രമത്തിലാണ്. കെട്ടിടം ലഭിച്ചാലുടൻതന്നെ ഡിസ്പെൻസറി ആരംഭിക്കുന്നതാണ്.

മലപ്പുറത്ത് ഇ.എസ്.ഐ. ആശുപത്രി

71 [533] *ശ്രീ. കെ. എൻ. എ. ഖാദർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറത്ത് ഒരു ഇ.എസ്.ഐ. ലോക്കൽ ആഫീസ് ആരംഭിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മലപ്പുറത്തെ ഇ.എസ്.ഐ. ആശുപത്രി തൊഴിലാളികൾക്ക് പ്രയോജനപ്രദമായ രീതിയിൽ പ്രവർത്തിക്കുന്നില്ലായെന്നും ആശുപത്രിക്ക് സൗകര്യപ്രദമായ കെട്ടിടവും ഡോക്ടറും പാരാമെഡിക്കൽ സ്റ്റാഫും മരുന്നും ഇല്ലെന്നുമുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) മലപ്പുറം ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ മെഡിക്കൽ ഓഫീസറുടെയും സ്റ്റാഫ് നഴ്സിന്റെയും സേവനം മുഴുവൻ സമയവും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഡിസ്പെൻസറി സൗകര്യപ്രദമായ കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ഫറോക്ക് ഇ.എസ്.ഐ. ആശുപത്രിയുടെ ശോചനീയാവസ്ഥയ്ക്ക് പരിഹാരം

72 [534] *ശ്രീ. വി. കെ. സി. മമ്മത് കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫറോക്ക് ഇ.എസ്.ഐ. ആശുപത്രിയുടെ ശോചനീയാവസ്ഥയ്ക്ക് പരിഹാരം കാണുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) ബെഡ് ഷീറ്റുകൾ, ബെഡ് സൈഡ് ലോക്കറുകൾ, സ്റ്റൂളുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ അടിയന്തിരമായി ഏർപ്പെടുത്തണമെന്ന ആവശ്യം പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ ഇവ അനുവദിച്ചുനൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കേടുവന്ന ആശുപത്രി ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) എല്ലാ സൗകര്യങ്ങളുമുള്ള ആശുപത്രിയിലെ ഓപ്പറേഷൻ തിയേറ്റർ ഉപയോഗയോഗ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളും ഇതിനു നേരിടുന്ന തടസ്സങ്ങളും എന്തെല്ലാമാണെന്നും അറിയിക്കാമോ;

(ഇ) ഇ.എസ്.ഐ. ആശുപത്രിയിലെ വിവിധ തസ്തികകളിലെ ഒഴിവുകൾ ഏതുകാലം മുതൽ ഒഴിഞ്ഞുകിടക്കുന്നു; തസ്തികകൾ നികത്താൻ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

ഉത്തരം

(എ) പറോക്ക് ഇ.എസ്.ഐ. ആശുപത്രിയിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി കുഴൽക്കിണർ കുഴിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. ആശുപത്രിക്കാവശ്യമായ മരുന്നുകളുടെ വിതരണം യഥാസമയം നടക്കുന്നുണ്ട്. അടിയന്തിര ഘട്ടങ്ങളിൽ 1000 രൂപയിൽ കവിയാതെയുള്ള മരുന്നുകൾ ലോക്കൽ പർച്ചേസ് നടത്തുന്നതിനുള്ള അനുമതി ആശുപത്രി സൂപ്രണ്ടിന് നൽകിയിട്ടുണ്ട്. ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആശുപത്രിയിലെ അൾട്രാസൗണ്ട് മെഷീന്റെ തകരാറ് പരിഹരിക്കുകയും ബെയിൻ സർക്യൂട്ട് വാങ്ങുന്നതിനുള്ള അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) പരിഗണിച്ചിട്ടുണ്ട്. ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ഇ.എസ്.ഐ. കോർപ്പറേഷൻ 1999-2000 വർഷത്തിൽ അനുവദിച്ച തുകയിൽ നീക്കിയിരിപ്പുള്ള 80,00,000 രൂപ ഉപയോഗിച്ച് ബെഡ്ഷീറ്റ് ലിനൻ ഇനങ്ങൾ, ആശുപത്രി ഫർണിച്ചറുകൾ, ചെറിയ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് ഇ.എസ്.ഐ. കോർപ്പറേഷൻ അനുമതി നൽകിയിട്ടുണ്ട്. ഇവ എത്രയും വേഗം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) കേടുവന്ന ആശുപത്രി ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിന് ആനുവൽ മെയിന്റനൻസ് കോൺട്രാക്റ്റ് ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) ആശുപത്രിയിലെ ഓപ്പറേഷൻ തിയേറ്റർ സംബന്ധിച്ച പരാതി പരിഹരിച്ച് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

(ഇ) ആശുപത്രി സൂപ്രണ്ടിന്റെ തസ്തിക 1-7-2002 മുതലും ഫിസിഷ്യന്റെ തസ്തിക 28-6-2004 മുതലും സർജന്റെ തസ്തിക 8-8-2002 മുതലും ഒഴിഞ്ഞുകിടക്കുന്നു. ഓപ്പറേഷൻ തിയേറ്റർ ടെക്നീഷ്യന്റെ രണ്ട് തസ്തികകൾ 1993 മുതലും എക്സ്റേ ടെക്നീഷ്യന്റെ ഒരു തസ്തിക 21-8-2003 മുതലും ഒഴിഞ്ഞുകിടക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആശുപത്രിയിലെ സീനിയർ മെഡിക്കൽ ആഫീസർ ഇപ്പോൾ ആശുപത്രി സൂപ്രണ്ടിന്റെ ചുമതല വഹിച്ചുവരുന്നു. ഫിസിഷ്യന്റെയും സർജന്റെയും തസ്തികകൾ നികത്തുന്നതിനായി പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവെങ്കിലും ആരേയും ലഭിച്ചില്ല.

സർജന്റെ ഒഴിവിലേക്ക് സർജറി ബിരുദം നേടിയ ഇ.എസ്.ഐ.യിലെ ഡോക്ടറെ ഉടനെ നിയമിക്കുന്നതാണ്. ഓപ്പറേഷൻ തിയേറ്റർ അറ്റന്ററുടെ പ്രമോഷൻ തസ്തികയാണ് ഓപ്പറേഷൻ തിയേറ്റർ ടെക്നീഷ്യൻ തസ്തിക. എക്സ്റേ ടെക്നീഷ്യന്റെ തസ്തിക എക്സ്റേ അറ്റന്റർമാരുടെ തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി ഒഴിച്ചിട്ടിരിക്കുകയാണ്.

പ്രവർത്തനരഹിതമായ പൊതുശൗചാലയങ്ങളും തോട്ടങ്ങളും

73 [535] *ശ്രീ. ടി. എം. ജേക്കബ്:*

„ *കെ. ബി. ഗണേഷ് കുമാർ:*

„ *ജോണി നെല്ലൂർ:*

„ *ഷിബു ബേബിജോൺ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം തൊഴിലാളികളുടെ പണിമുടക്ക് നടന്നപ്പോൾ എത്ര തോട്ടങ്ങൾ പ്രവർത്തനരഹിതമായിരുന്നു;

(ബി) പൂട്ടിക്കിടക്കുന്ന പൊതുശൗചാലയങ്ങളും തോട്ടങ്ങളും പ്രവർത്തിക്കാത്തത് തൊഴിൽത്തർക്കംമൂലമാണോ; എങ്കിൽ ഇവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വെളിപ്പെടുത്താമോ;

(സി) തോട്ടം തൊഴിലാളികൾ പ്രധാനമായും ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സാമ്പത്തികപ്രതിസന്ധിമൂലം അടഞ്ഞുകിടന്നിരുന്ന തോട്ടങ്ങൾക്കു പുറമെ പ്രവർത്തിച്ചുകൊണ്ടിരുന്ന പല തോട്ടങ്ങളും പണിമുടക്കുകാലത്ത് പ്രവർത്തനരഹിതമായിരുന്നു. കൃത്യമായ കണക്ക് ശേഖരിച്ചുവരുന്നു.

(ബി) അല്ല.

(സി) 2002 ഏപ്രിൽ 1 മുതൽ മുൻകാലപ്രാബല്യത്തോടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുക, മരവിപ്പിച്ച ഡി.എ. കുടിശ്ശികസഹിതം പുനഃസ്ഥാപിക്കുക, നിഷേധിക്കപ്പെട്ട ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കുക, 2000-നു ശേഷം തോട്ടങ്ങളിൽ ഉണ്ടായിട്ടുള്ള എല്ലാ ഒഴിവുകളും നികത്തുക എന്നീ ആവശ്യങ്ങളാണ് തൊഴിലാളികൾ ഉന്നയിച്ചിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly